പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1793

15/07/2016-ലെ മറുപടിയ്ക്ക്.

**കോർപ്പസ് ഫണ്ട്**

| | **ചോദ്യം**<br><br>**ശ്രീ. റ്റി. വി. രാജേഷ്** | | **ഉത്തരം**<br><br>**ശ്രീ.എ.കെ. ബാലൻ**<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന ജില്ലകളിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി ജനവിഭാഗങ്ങൾ അധിവസിക്കുന്ന കോളനികളിലെയും , മറ്റ് പ്രദേശങ്ങളിലെയും ശോചനീയവസ്ഥ പരിഹരിക്കുന്നതിനും , റോഡ് , കുടിവെള്ള സൗകര്യം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും 2014-2015 സാമ്പത്തിക വർഷം മുതൽ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തുന്ന തുകയുടെ 1/3 ഭാഗം ജില്ലകളിലെ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വിവിധജില്ലകൾക്ക് അനുവദിച്ചുവരുന്നു. ജില്ലാ കളക്ടർ (ചെയർമാൻ) , ജില്ലാ പ്ലാനിംഗ് ഓഫീസർ (കോർഡിനേറ്റർ), ജില്ലാ പട്ടികജാതി വികസന ഓഫീസർ ( കൺവീനർ) എന്നിവർ ഉൾപ്പെടുന്ന ജില്ലാതല കമ്മിറ്റിയാണ് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ മുൻഗണനാക്രമം അനുസരിച്ച് ജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്നത്. 25.00 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുവാൻ പ്രസ്തുത ജില്ലാതല സമിതിക്ക് അധികാരമുണ്ട്. |
| (ബി) | കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതു തരത്തിലുള്ള പ്രവൃത്തികൾക്കാണ് അനുമതി നൽകുന്നത് ;വിശദാംശം നൽകുമോ; | (ബി) | കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1) പട്ടികജാതി ജനവിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും, ഇതര വിഭാഗക്കാർക്ക് ഒന്നോ, രണ്ടോ പൊതുടാപ്പും നൽകുന്ന വിധത്തിലുള്ള കുടിവെള്ള വിതരണ പദ്ധതി<br>2) പട്ടികജാതി കോളനികൾക്കുള്ളിലെ റോഡുകൾ , സംരക്ഷണഭിത്തി, കലുങ്ക് നിർമ്മാണം എന്നിവ.<br>3) പട്ടികജാതി സങ്കേതങ്ങൾ , കോളനികൾക്കുള്ളിലെ വഴിവിളക്കുകൾ എന്നിവ ഉൾപ്പെടുന്ന വൈദ്യുതീകരണ പ്രവൃത്തി കൾ. |

| | | | |
|---|---|---|---|
| | | | 4) പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം / സംസ്കാരം / കായികം തുടങ്ങിയവ) DIET ന്റെ സഹകരണത്തോടെ തയ്യാറാക്കുന്ന പ്രോജക്ടുകൾ.<br>5) പട്ടികജാതി ക്ഷേമത്തിനായി പട്ടികജാതിവികസനവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ പട്ടികജാതി ക്ഷേമഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്ത് പൂർത്തിയാക്കിയതും എന്നാൽ കമ്മീഷൻ ചെയ്യാൻ കഴിയാത്തതുമായ പ്രവൃത്തികളുടെ കമ്മീഷനിംഗ് പ്രവൃത്തികൾ .<br>6) വിജ്ഞാൻ വാടികളുടെ ആവർത്തന ചെലവുകൾ |
| (സി) | കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 വർഷത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും, ആയതിൽ എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ 1/3 തുകയായ 8174.33 ലക്ഷം രൂപ 14 ജില്ലകൾക്കുമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**